(സി) കക്കാട് ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി 144.49 കോടി രൂപ 4/99 വരെ ചെലവായി. പദ്ധതിയുടെ എസ്റ്റിമേറ്റ് 1987-ൽ 66.90 കോടി രൂപയായും 1993-ൽ 98.69 കോടി രൂപയായും പുതുക്കി നിശ്ചയിക്കുകയുണ്ടായി.

(ഡി) നിർമ്മാണം പൂർത്തിയാകുമ്പോൾ ഏകദേശം 150 കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

ജനറേറ്റർ മാറ്റാൻ തീരുമാനം

138 (921)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ വൈദ്യുതി നിലയങ്ങളിലെ ജനറേറ്റർ മാറ്റാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ബാലാനന്ദൻ കമ്മിറ്റി നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത കമ്മിറ്റി ജനറേറ്ററുകളുടെ സ്പെയർ പാർട്സ് മാറ്റിയാൽ മതിയെന്ന് ശുപാർശ ചെയ്തതിനുശേഷവും ജനറേറ്റർ മാറ്റാൻ തീരുമാനമെടുക്കാനുണ്ടായ കാരണമെന്താണ്;

(ഡി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പ്രോജക്ടുകളുടെ ജനറേറ്റർ മാറ്റുവാൻ ബി.എച്ച്.ഇ.എൽ. നൽകിയ ഓഫർ എത്രയാണ്;

(ഇ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനി നൽകിയ ഓഫർ എത്രയാണ്;

(എഫ്)ഇതിൽ ആർക്കാണ് ജനറേറ്റർ മാറ്റുന്നതിനുള്ള ഉത്തരവ് നൽകിയത്;

ഉത്തരം

(എ) ഈ സ്റ്റേഷനുകളിലെ എല്ലാ ജനറേറ്ററുകളും മാറ്റാൻ തീരുമാനമെടുത്തിട്ടില്ല.

(ബി) ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 2/97ലാണ് പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയത്. 10.8.1995ൽ ഒപ്പിട്ട ധാരണാപത്രത്തെ തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 24/2/1996ലാണ് എസ്.എൻ.സി. ലാവലിനുമായി ഇതിനുള്ള കരാർ ഒപ്പിട്ടത്.

(ഡി) ഈ ജോലിക്ക് ടെണ്ടർ ക്ഷണിച്ചിരുന്നില്ല. 10/8/95ൽ എസ്. എൻ.സി.യുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കരാർ നൽകിയത്.

(ഇ) 73.058 ദശലക്ഷം കനേഡിയൻ ഡോളറാണ് ഫോറിൻ കോമ്പണന്റ്.

(എഫ്)പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണ ജോലികൾ എസ്.എൻ.സി., ലാവലിനാണ് നൽകിയത്.

201/2010.

LIBRARY ARCHIVES Kerala Legislative Assembly